കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസന വകുപ്പ് - ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് ഐ.റ്റി.ഡി.പി. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതലയും, ഡി.ഡി.ഒ. പദവിയും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1573/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 08.06.2018.

പരാമർശം: 1) സ.ഉ.(എം.എസ്) നം.20/2018/പജാ.പവ.വി.വ തീയതി, 01.03.2018.

2) 24.05.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 7785/എസ്റ്റാ.ബി1/2018/സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിലെ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസറായി ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നത് നിർത്തലാക്കുകയും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥനെ പ്രോജക്ട് ഓഫീസറായി നിയമിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു. ഇതേ ഉദ്യോഗസ്ഥനാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല വഹിക്കുന്നതും. പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾക്ക് പുറമെ, ഗ്രാമ വികസന വകുപ്പിലെ പദ്ധതികളുടെ നിർവ്വഹണച്ചുമതല കൂടി വഹിക്കുവാൻ പ്രയാസമാണെന്ന് ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുവാനായി, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല നല്കണമെന്നും, ഡി.ഡി.ഒ. പദവി അനുവദിച്ചുനല്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2)-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികളുടെ നിർവ്വഹണ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുവാനായി, ഗ്രാമ വികസന വകുപ്പിലെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർക്ക്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതലയും, ഡി.ഡി.ഒ. പദവിയും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സ്പെഷ്യൽ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്.
ഐ.റ്റി.ഡി.പി. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്.
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ജില്ലാ കളക്ടർ, പാലക്കാട്.
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ